**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **05-07-2022 - ൽ മറുപടിയ്ക്ക്**

**മെയിന്റനൻസ് ട്രൈബ്യൂണൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മെയിന്റനൻസ് ട്രൈബ്യൂണലിൽ തീർപ്പാകാതെ കിടക്കുന്ന പരാതികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 31/05/2022 ലെ സ്ഥിതി വിവര കണക്കനുസരിച്ച് സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളിലായി 4255 കേസുകൾ തീർപ്പാക്കുവാനുണ്ട്. |
| (ബി) | മക്കളിൽനിന്നും ജീവനാംശവും സംരക്ഷണവും ലഭിക്കാത്തതും, സ്വത്ത് തട്ടിയെടുത്തത് സംബന്ധിച്ചുള്ളതുമടക്കം വയോധികർ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിൽ വേണ്ടത്ര വേഗത ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ 90 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണെന്ന് വകുപ്പ് 5 ന്റെ ഉപവകുപ്പ് (4) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ആയത് 30 ദിവസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് മെയിന്റനൻസ് ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ട്.<br><br>മക്കളിൽ നിന്നും ജീവനാംശവും സംരക്ഷണവും ലഭിക്കാത്തതും, സ്വത്ത് തട്ടിയെടുത്തത് സംബന്ധിച്ചുള്ളതുമടക്കം വയോധികർ നൽകുന്ന പരാതികൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ട്രൈബ്യൂണലുകൾ നടപടി സ്വീകരിക്കാറുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ കേസുകൾ തീർപ്പാക്കുവാൻ കാലതാമസം ഉണ്ടാകാറുണ്ട്.<br><br>മാതാപിക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 ലെ വകുപ്പ് 6 ന്റെ ഉപവകുപ്പ് (5) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ചില കേസുകളിൽ എതിർകക്ഷികൾ വിദേശത്താണ് താമസിച്ചു വരുന്നതെങ്കിൽ, നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം വഴി സമൻസ് അയച്ചതിന്റെ മറുപടി ലഭ്യമാകുന്നതിന് |

| | | | |
|---|---|---|---|
| | | | കാലതാമസമുണ്ടാകുന്നുണ്ട്. ഇത്തരം കേസുകൾ തീർപ്പാക്കുന്നതിനും കാലതാമസം നേരിടാറുണ്ട്. |
| (സി) | പരാതികൾ പരിഗണിക്കുന്നതിന്റെ ഭാഗമായി പലതവണ വിളിച്ചുവരുത്തുന്നത് ശാരീരിക പ്രയാസങ്ങൾ അനുഭവിക്കുന്ന വയോധികർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പരാതിക്കാരായ മുതിർന്ന പൗരന്മാർ അവരുടെ ശാരീരിക ബുദ്ധിമുട്ടുകൾ മെയിന്റനൻസ് ട്രൈബ്യൂണൽ അധികാരിയെ അറിയിക്കുന്ന പക്ഷം ടെക്നിക്കൽ അസിസ്റ്റന്റുമാർ നേരിട്ട് ഭവന സന്ദർശനം നടത്തിയോ, അതാത് പരിധിയിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേനയോ അന്വേഷണം നടത്താറുണ്ട്. ചില കേസുകളിൽ മെയിന്റനൻസ് ട്രൈബ്യൂണൽ (RDO) നേരിട്ടും ഫീൽഡ് വിസിറ്റ് നടത്തി അന്വേഷണം നടത്താറുണ്ട്. Covid 19 മൂലം വയോധികർക്ക് reverse quarantine നിർദ്ദേശിക്കപ്പെട്ട സാഹചര്യത്തിൽ ഓൺലൈൻ ഹിയറിംഗ് നടത്തി കേസ് തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ വയോധികരുടെ പരാതികൾ അതിവേഗം തീർപ്പാക്കുന്നതിനും, പരാതിക്കാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ അതിവേഗം തീർപ്പാക്കുന്നതിനും പരാതിക്കാരുടെ പ്രയാസങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമായി താലൂക്ക് തലത്തിലും മറ്റും അദാലത്തുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. അത്യാവശ്യ സാഹചര്യങ്ങളിൽ ഓൺലൈൻ ആയും ഹിയറിംഗ് നടത്താറുണ്ട്. കൂടാതെ കേസുകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതിക്കാരുടെ പ്രയാസങ്ങൾ കുറയ്ക്കുന്നതിനുമായി എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഒരു ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം സാമൂഹ്യ നീതി വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. കൺസീലിയേഷൻ ഓഫീസർമാരെ (അനുരഞ്ജന ഉദ്യോഗസ്ഥർ) ഉൾപ്പെടുത്തി കൺസീലിയേഷൻ പാനൽ രൂപീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ